**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീ. കെ. എം. ബഷീറിനെതിരായ പരാതികളിൽ അന്വേഷണം നടത്തുന്നത് - അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2710/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 22.09.2016

================================================================

പരാമർശം:- 03.09.2016 തീയതിയിലെ സ.ഉ. (സാധാ) നം. 2588/16/തസ്വഭവ.

**ഉത്തരവ്**

തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന ശ്രീ. കെ.എം. ബഷീർ തൃശ്ശൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ജയ് ഹിന്ദ് മാർക്കറ്റിലെ 'ബി' ബ്ലോക്കിലെ 2-ാം നമ്പർ കടമുറി നിയമ വിരുദ്ധമായി ഒരു സ്വകാര്യ വ്യക്തിയ്ക്ക് മറിച്ചു നൽകി പണം സമ്പാദിക്കുന്നതിന് കൂട്ടു നിന്നെന്നും, തൃശ്ശൂർ കോർപ്പറേഷനിലെ പഴയ അയ്യന്തോൾ പഞ്ചായത്ത് പ്രദേശത്ത് അയ്യന്തോൾ വില്ലേജിൽ സർവ്വേ നംപർ 377/പി/379/2/380/പി എന്നിവയിൽ ഉൾപ്പെട്ട വില്ലേജ് രേഖകൾ പ്രകാരം ''നിലമാണെന്ന്'' രേഖപ്പെടുത്തിയിട്ടുള്ള സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയെന്നും, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയെന്നും ചൂണ്ടിക്കാട്ടി കോർപ്പറേഷൻ കൗൺസിലർമാരടക്കമുള്ളവരിൽ നിന്നും സർക്കാരിനു ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ 1960 ലെ കേരളാ സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും), പ്രകാരം ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാനെ പരാമർശിത ഉത്തരവു പ്രകാരം

അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു.

2. മേൽ പരാമർശിച്ച പരാതികളിന്മേൽ വിശദമായ ഒരു പ്രിലിമിനറി അന്വേഷണം ആവശ്യമാണെന്ന് സർക്കാർ കരുതുന്നു. ആയതിനാൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി സർക്കാരിന് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) ശ്രീ. ഷാജി ജോസഫിനെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അന്വേഷണ റിപ്പോർട്ട് ഈ ഉത്തരവ് തീയതി മുതൽ 3 ആഴ്ചകൾക്കകം ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രമേശൻ. എം.കെ.,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവന്തപുരം.
ശ്രീ. ഷാജി ജോസഫ്, ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), തിരുവനന്തപുരം.
(പരാതികളുടെയും പരാമർശത്തിലെ സർക്കാർ ഉത്തരവിന്റെയും പകർപ്പ് സഹിതം)
ശ്രീ. കെ.എം. ബഷീർ, മുനിസിപ്പൽ സെക്രട്ടറി (Under Suspension)
(നഗരകാര്യ ഡയറക്ടർ മുഖേന)
മേയർ, തൃശ്ശൂർ കോർപ്പറേഷൻ.
സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം)
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**